**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **13-02-2024 - ൽ മറുപടിയ്ക്ക്**

**നവസംരംഭകരെ സൃഷ്ടിക്കുന്നതിനായി കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നവസംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ, കോളേജ് തലങ്ങളിലായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് പദ്ധതിയുണ്ടോ; | (എ) | എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ഒരു സാമ്പത്തിക വർഷം 20,000 രൂപയാണ് ഒരു ED ക്ലബ്ബിനു സാമ്പത്തിക സഹായമായി നൽകി വരുന്നത്. സംരംഭകത്വവികസനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനായാണ് ഈ തുക വിനിയോഗിക്കുന്നത്.<br><br>കേരള സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള പുതിയ ഒരു പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും |

| | | | |
|---|---|---|---|
| | | | അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. നവ സംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ കേരളമൊട്ടാകെ ക്യാമ്പസ് വ്യവസായ പാർക്കുകൾ സൃഷ്ടിക്കുവാനുള്ള ആശയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത കർമ്മപദ്ധതി നടപ്പാക്കുന്നതിലൂടെ വ്യവസായ സംരംഭക മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും യുവാക്കൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇത് എത്രത്തോളം സഹായകമാണെന്നും വിശദമാക്കാമോ? | (ബി) | യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാഥമികമായി ലക്ഷ്യമിടുന്നത്. കൂടാതെ ഈ പദ്ധതി വഴി സാങ്കേതികമായ പരിശീലനം ലഭിച്ചതും അതുപോലെ അവസരങ്ങൾ തിരിച്ചറിയുകയും അവയിൽ പ്രവർത്തിക്കാനുള്ള അറിവും പ്രചോദനവും ഉള്ളവരുമായ സംരംഭകരെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. ED ക്ലബ്ബ് വഴി പരിശീലനം ലഭിക്കുന്ന യുവാക്കൾ അടുത്ത തലമുറയുടെ സംരംഭകർ ആകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം നൽകുകയും സംസ്ഥാനത്തെ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ